## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 164 — 28.11.2018-ൽ മറുപടിയ്ക്ക്

# കല്ലമ്പലത്തെ ട്രാഫിക് സിഗ്നൽ

| | ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ആറ്റിങ്ങൽ-കൊല്ലം ദേശീയ പാതയിലെ കല്ലമ്പലത്ത് ട്രാഫിക് സിഗ്നൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ-കൊല്ലം ദേശീയപാതയിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുള്ള ശുപാർശ സംസ്ഥാന പോലീസ് മേധാവി റോഡ് സുരക്ഷാ കമ്മീഷണർക്ക് നൽകുകയും ഇതിനാവശ്യമായ 13,84,150/- രൂപ പോലീസ് വകുപ്പിന് കൈമാറുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ആറ് മാസ കാലയളവിൽ കല്ലമ്പലം ജംഗ്ഷനിൽ നടന്ന വാഹനാപകടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ ആറ് മാസ കാലയളവിൽ കല്ലമ്പലം ജംഗ്ഷനിലും സമീപത്തുമായി 19 അപകടങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ഒരാൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. |
| (സി) | ട്രാഫിക് സിഗ്നൽ സ്ഥാപിച്ചാൽ വാഹനാപകടം ഗണ്യമായി കുറക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നത് ഗതാഗതക്കുരുക്കും, അപകടങ്ങളും കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ